കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കണ്ണൂർ കോർപ്പറേഷൻ - സർവ്വേ നമ്പർ 28/9 ൽ പ്പെട്ട - അനധികൃത നിർമ്മാണം-കേരള മുൻസിപ്പാലിറ്റി കെട്ടിടം(അനധികൃത നിർമ്മാണം ക്രമവൽക്കരണം ) ചട്ടം 2014 പ്രകാരം ക്രമവൽക്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ. ബി) വകുപ്പ്**

**സ.ഉ.(സാധാ)നം. 3756/2017/തസ്വഭവ തിരുവനന്തപുരം,തീയതി ,23/11/2017.**

---

പരാമർശം:- 1) 14.02.2014 ലെ സ.ഉ. (എം.എസ്.) നമ്പർ 39/2014/തസ്വഭവ.
2) 21.08.2014 ലെ സ.ഉ. (എം.എസ്.) നമ്പർ 150/2014/തസ്വഭവ.
3) 26.03.15 ലെ സ.ഉ. (പി.) നമ്പർ 108/2015/തസ്വഭവ.
4) 25.06.2016 ലെ ആർ.ബി2/287/2015/തസ്വഭവ നമ്പർ കത്ത്.
5) 17.08.2016, 24.08.2016 എന്നീ തീയതികളിൽ ശ്രീ. ഇ.പി.അബ്ദുൾ ലത്തീഫ് സമർപ്പിച്ച അപ്പീൽ അപേക്ഷകൾ.
6) ചീഫ് ടൗൺ പ്ലാനറുടെ 18/07/17, 10/10/2017 എന്നീ തീയതികളിലെ ഡി1/6793/15 നമ്പർ കത്തുകൾ.

**ഉത്തരവ്**

കണ്ണൂർ ജില്ലയിൽ ചേലോറ ഗ്രാമപഞ്ചായത്തിൽ സർവ്വേ നമ്പർ 28/9 ൽ പ്പെട്ട സ്ഥലത്ത് 634.07 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ നിർമ്മിച്ചിട്ടുള്ള ഇരു നില മൾട്ടി ഫാമിലി റസിഡൻഷ്യൽ അപ്പാർട്ട്മെന്റ് ക്രമവൽക്കിരിച്ചു നൽകുന്നതിനായി ശ്രീ. അബ്ദുൾ ലത്തീഫ് സമർപ്പിച്ച അപേക്ഷ പരാമർശം (2) ലെ ഉത്തരവ് പ്രകാരം ടെക്നിക്കൽ റെക്കമെന്റേഷൻ സഹിതം ചീഫ് ടൗൺ പ്ലാനർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. ടി കെട്ടിടം Regularisation of Unauthorised Construction Rule 2014 Appendix II criteria No.(2), KPBR ലെ റൂൾ 38(2) എന്നിവ ലംഘിക്കുന്നതിനാൽ പരാമർശം (4) പ്രകാരം നിരസിക്കുകയുണ്ടായി.

2. ക്രമവൽക്കരണ അപേക്ഷ നിരസിച്ചതിനെതിരായി ശ്രീ. അബ്ദുൾ ലത്തീഫ് പരാമർശം (5) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാകുന്നു.

3. കെട്ടിടം ക്രമവൽക്കരിക്കുന്നതിന് അപേക്ഷ നൽകുന്ന സമയത്ത് ചേലോറ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ടിരുന്നുവെങ്കിലും, നിലവിൽ കണ്ണൂർ നഗരസഭയുടെ ഭാഗമാണെന്നും, ലഭ്യമായ അപ്പീൽ അപേക്ഷയിൽ മേൽ സ്ഥല പരിശോധന നടത്തിയതിൽ 4 കാർ പാർക്കിംഗ് സാധ്യമാണെന്ന് നഗരസഭ അറിയിച്ചിട്ടുണ്ടെന്നും 34,250/- രൂപ കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കി അനധികൃത നിർമ്മാണം നിബന്ധനകളോടെ ക്രമവൽക്കരിക്കാവുന്നതാണെന്നും പരാമർശം (6) പ്രകാരം ചീഫ് ടൗൺ പ്ലാനർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

4. കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണ ക്രമവൽക്കരണം) ചട്ടം

2014 ലെ ചട്ടം 5(6) പ്രകാരം, സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിൽ മുൻപ് ചേലോറ ഗ്രാമപഞ്ചായത്തിലും നിലവിൽ കണ്ണൂർ കോർപ്പറേഷന്റെ ചേലോറ സോണൽ ഓഫീസ് പരിധിയിൽ ഉൾപ്പെട്ടതുമായ സർവ്വേ നമ്പർ 28/9 ൽ പ്പെട്ട സ്ഥലത്ത് 634.07 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ നിർമ്മിച്ചിട്ടുള്ള ഇരു നില മൾട്ടി ഫാമിലി റസിഡൻഷ്യൽ അപ്പാർട്ട്മെന്റ് ക്രമവൽക്കരിച്ച് നൽകുന്നതിനായി ശ്രീ. അബ്ദുൾ ലത്തീഫ് സമർപ്പിച്ച അപ്പീൽ അപേക്ഷ പരിശോധിച്ചതിൽ 4 കാർ പാർക്കിംഗ് സാധ്യമാണെന്ന് ചീഫ് ടൗൺ പ്ലാനർ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ പരാമർശം (1) ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ക്രമവൽക്കരിക്കുന്നതിന് കണ്ണൂർ നഗരസഭാ സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) കെ.എം.ബി.ആർ. പ്രകാരമുള്ള കാർ പാർക്കിംഗ് സ്ഥലത്ത് നൽകിയിരിക്കണം
ii) ഖര ദ്രവ്യ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള ആധുനിക സംവിധാനങ്ങൾ മേൽ സ്ഥലത്ത് തന്നെ നൽകേണ്ടതാണ്.
iii) കെട്ടിടത്തിന്റെ കോമ്പൗണ്ടിംഗ് ഫീസായി 34,250/- രൂപ (മുപ്പത്തിനാലായിരത്തി ഇരുനൂറ്റി അൻപത് രൂപ മാത്രം) '0217 Urban-60-other Development Scheme 800 Other Receipts – 91 Compounding Fee for regularisation of unauthorised constructions violating provisions of building rules" എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

5) മേൽ പരാമർശിച്ച തുക ഉത്തരവ് തീയതി മുതൽ 30 ദിവസത്തിനകം സർക്കാർ ട്രഷറിയിൽ ഒടുക്കി അസ്സൽ ചെല്ലാൻ കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറി മുമ്പാകെ ഹാജരാക്കേണ്ടതും, കേരള മുൻസിപ്പാലിറ്റി കെട്ടിടം (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം 2014 ൽ അനുശാസിക്കുന്ന പ്രകാരം നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ആവശ്യമായ നടപടി മുൻസിപ്പാലിറ്റി സെക്രട്ടറി സ്വീകരിക്കേണ്ടതുമാണ്.

6) ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് മുൻപ് ഈ ഉത്തരവിന്റെ 4-ാം ഖണ്ഡികയിലെ നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്ന് കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സ്റ്റെല്ലാ ലിറ്റിൽ ഫ്ലവർ എം.കെ**
**ജോയിന്റ് സെക്രട്ടറി**

ശ്രീ. ഇ.പി.അബ്ദുൾ ലത്തീഫ്,പ്രസിഡന്റ്, കാപ്പാട് ദാറുൽ ഉലൂം സഭ, കാപ്പാട് പി.ഒ., കണ്ണൂർ
സെക്രട്ടറി, കണ്ണൂർ കോർപ്പറേഷൻ
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) തിരുവനന്തപുരം
ജില്ലാ ടൗൺ പ്ലാനർ, കണ്ണൂർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ, കേരള മിഷൻ, തിരുവനന്തപുരം.
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ